©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

വാല്യം 7
Vol. VII

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2018 ജൂലൈ 10
10th July 2018

1193 മിഥുനം 26
26th Mithunam 1193

1940 ആഷാഢം 19
19th Ashadha 1940

നമ്പർ
No. 28

# PART III

## Notifications by Heads of Department

# Animal Husbandry Department

### ദർഘാസ്/ലേല പരസ്യം

നമ്പർ എ3-2954/2017. 2018 ജൂൺ 21.

ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ അധീനതയിലുള്ള പുലിയൂർ കാമ്പസിൽ സ്ഥിതി ചെയ്യുന്ന പഴയ 3 ക്വാർട്ടേഴ്സുകൾ സർക്കാർ ഉത്തരവുകൾക്കും നിബന്ധനകൾക്കും വിധേയമായി ലേലം ചെയ്തു വിൽക്കുന്നതിനായി പരസ്യ ലേലം നടത്തുന്നതിനും അതിനോടൊപ്പം ദർഘാസ് സ്വീകരിക്കുന്നതിനും നിശ്ചയിച്ചിരിക്കുന്നു. താൽപ്പര്യമുള്ളവർ ₹ 2,000 നിരതദ്രവ്യം സെൻട്രൽ ഹാച്ചറി ഓഫീസിൽ അടച്ച് സീൽ ചെയ്ത കവറിൽ പ്രൊഡക്ഷൻ മാനേജർ, സെൻട്രൽ ഹാച്ചറി, ചെങ്ങന്നൂർ എന്ന വിലാസത്തിൽ ദർഘാസ് സമർപ്പിക്കേണ്ടതാണ്. ദർഘാസ് ഉള്ളടക്കം ചെയ്യുന്ന കവറിനുപുറത്ത് സെൻട്രൽ ഹാച്ചറിയിലെ പഴയ 3 ക്വാർട്ടേഴ്സുകൾ ലേലത്തിൽ വിൽക്കുന്നതിനുള്ള ദർഘാസ് എന്നും ദർഘാസ് നോട്ടീസിന്റെ നമ്പർ, തീയതി എന്നിവയും രേഖപ്പെടുത്തേണ്ടതാണ്. നിരതദ്രവ്യം കൂടാതെയുള്ള ദർഘാസ് സ്വീകരിക്കുന്നതല്ല. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി 20-7-2018 രാവിലെ 11 മണി വരെയാണ്. കൂടാതെ അന്നേ ദിവസം രാവിലെ 12 മണിക്ക് ഇതേ കാര്യത്തിനായി പരസ്യ ലേലവും നടത്തുന്നതായിരിക്കും. ലേലത്തിൽ മാത്രം പങ്കെടുക്കുന്നവരും ₹ 2,000 നിരതദ്രവ്യം അടയ്ക്കേണ്ടതാണ്. നിരതദ്രവ്യം അടച്ച് ദർഘാസ് സമർപ്പിച്ചവർക്ക് ലേലത്തിൽ പങ്കെടുക്കുവാൻ പ്രത്യേക നിരതദ്രവ്യം ആവശ്യമില്ല. പരസ്യ ലേലം നടത്തിയശേഷം ദർഘാസുകൾ അവ നൽകിയവരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതായിരിക്കും. ദർഘാസിലോ ലേലത്തിലോ രേഖപ്പെടുത്തിയ ഉയർന്ന തുകയ്ക്ക് താൽക്കാലികമായി ദർഘാസ്/ലേലം സ്ഥിരപ്പെടുത്തുന്നതായിരിക്കും. യാതൊരു കാരണവും കാണിക്കാതെ ദർഘാസ്/ലേലം നിരാകരിക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം പ്രൊഡക്ഷൻ മാനേജരിൽ നിക്ഷിപ്തമാണ്.

ദർഘാസ്/ലേലത്തിൽ പങ്കെടുക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസം തെളിയിക്കുന്നതിനുള്ള ഏതെങ്കിലും രേഖകൾ കൊണ്ടുവരേണ്ടതാണ്. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി പഴയ ക്വാർട്ടേഴ്‌ നേരിട്ടുകണ്ട് ബോദ്ധ്യപ്പെട്ടുകൊള്ളേണ്ടതാണ്. ലേലത്തിനുശേഷമുള്ള പരാതികൾ സ്വീകരിക്കുന്നതല്ല.

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ അംഗീകാര പ്രകാരം പരസ്യ ലേലത്തിൽ ഏറ്റവും കൂടുതൽ തുക വിളിക്കുന്ന ആളുടെ പേര് രേഖപ്പെടുത്തിവയ്ക്കുന്നതും ലേലം കഴിഞ്ഞ ഉടനെ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ ലഭിച്ച ദർഘാസുകൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടുതൽ സംഖ്യയ്ക്കുള്ള ദർഘാസ് രേഖപ്പെടുത്തി വെയ്ക്കുന്നതും ദർഘാസ് തുകയോ ലേലത്തുകയോ ഏതിലാണോ കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ളത് ആ ആളിന് ലേലം സ്ഥിരപ്പെടുത്തുന്നതാണ്. നിലവിലുള്ള എല്ലാ സർക്കാർ നിബന്ധനകളും നികുതികളും ഈ ലേലത്തിനും/ ദർഘാസിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾ അറിയാൻ താൽപര്യമുള്ളവർക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ലേല ദിവസം പൊതു അവധി വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതാണ്.

പ്രൊഡക്ഷൻ മാനേജരുടെ
കാര്യാലയം, സെൻട്രൽ ഹാച്ചറി,
ചെങ്ങന്നൂർ. (ഒപ്പ്)
ഫോൺ നമ്പർ : 0479-2452277. പ്രൊഡക്ഷൻ മാനേജർ.